Registered
No. M 889.

THE Travancore Government Gazette.

തിരുവിതാംകോട്ട സർക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY.

പ്രമാണപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത.

VOL. XLIX.] TRIVANDRUM, TUESDAY, July 18, 1911. / Karkadagom 3, 1086 No. 29.

വാല്യം ൪൯. തിരുവനന്തപുരം ൧൯൧൧ ജൂലൈ ൧൮ / ൧൦൮൬ കർക്കടകം ൩ ചൊവ്വാഴ്ച നമ്പർ ൨൯

CONTENTS.

PART I

PART II.

ഒന്നാം ഭാഗം

രണ്ടാംഭാഗം.

Part I—ഒന്നാം ഭാഗം

Appointments.

REVENUE AND MAGISTRACY.

No. 200.

M. R. Ry. N. Rajarama Row Avergal, B. A., Division Assistant and First Class Magistrate, Quilon, to be in charge of the Quilon Division, during the absence of M. R. Ry. R. Mahadeva Iyer Avergal, B. A., on leave.

Huzur Cutcherry,
Trivandrum,
17th July 1911.

A. J. VIEYRA,
Chief Secretary to Government.

No. 191.

M. R. Ry. K. Padmanabhan Tampi Avergal, B. A. & B. L., Tahsildar, Kartigapalli taluk and Acting Superintendent, Central Prison, is appointed sub-protem Division Assistant and First Class Magistrate, Kottayam, vice M. R. Ry. C. Raghavachari Avergal, B. A., on other duty.

Huzur Cutcherry,
Trivandrum, 11th July 1911.

A. J. VIEYRA,
Chief Secretary to Government.

PUBLIC WORKS DEPARTMENT.

G. No. 205/P. W. No. 3622.

His Highness the Maha Raja has been pleased to sanction the following promotions in the Executive staff of the P. W. D. consequent on the confirmation of Mr. F. J. Jacob as Deputy Chief Engineer:—

1. Mr. S. E. Vaikuntam Iyer, Executive Engineer, Second Grade, to be Executive Engineer, First Grade, with effect from the 17th March 1911.

2. Mr. John Kuriyan, Ag. Executive Engineer, Second Grade, to be Executive Engineer, Second Grade, with effect from the 17th March 1911.

3. Mr. S. Narayana Iyer, Sub Engineer, on probation, to be Assistant Engineer, on probation, with effect from the 17th March 1911.

4. Mr. K. I. Thomas, Supervisor, First Grade, to be Sub Engineer, with effect from the 17th March 1911.

5. Mr. C. J. Mani, Supervisor, Second Grade, to be Supervisor, First Grade, with effect from the 17th March 1911.

6. Mr. P. M. Varadaraja Mudaliar, Overseer, to be Supervisor, Second Grade, *Sub protem*, with effect from the 17th March 1911.

7. Mr. T. P. Lekshmana Iyer, Ag. Overseer, to be Overseer, with effect from the 17th March 1911.

Huzur Cutcherry,
Trivandrum, 17th July 1911.

A. J. VIEYRA,
Chief Secretary to Government.

Leave of Absence.

MAGISTRACY.

No. 192.

Mr. K. N. Eippu, B. A., First Class Magistrate, Alleppy, extension of furlough for six months.

Huzur Cutcherry,
Trivandrum,
11th July 1911.

A. J. VIEYRA,
Chief Secretary to Government.

REGISTRATION DEPARTMENT.

No. 201.

M. R. Ry. V. Ramakrishna Iyer, B. A., Sub-Registrar, Nemom, extension of one day's privilege leave and one month and fourteen days' extraordinary leave.

Huzur Cutcherry,
Trivandrum, 17th July 1911.

A. J. VIEYRA,
Chief Secretary to Government.

Assumption of Charge.

REVENUE AND MAGISTRACY.

No. 195

M. R. Ry. K. Aiyappen Pillai Avergal, B. A., appointed sub-protem Dewan Peishkar and District Magistrate, *Padmanabhapuram Division*, assumed charge of his duties on the forenoon of the 5th July 1911.

Huzur Cutcherry, Trivandrum, 14th July 1911. A. J. VIEYRA, Chief Secretary to Government.

No. 200.

M. R. Ry. N. Rajarama Row Avergal, B. A., assumed charge of the Quilon Division, on the afternoon of the 10th July 1911.

Huzur Cutcherry, Trivandrum, 17th July 1911. A. J VIEYRA, Chief Secretary to Government.

POLICE DEPARTMENT.

No 197.

Mr. Chacko John, B. A., Inspector of Police, Kunnathur taluk, transferred to the Vilavancode taluk, assumed charge of his duties on the forenoon of the 10th Mithunam 1086.

Huzur Cutcherry, Trivandrum, 14th July 1911. A. J. VIEYRA, Chief Secretary to Government.

No 198.

M R. Ry M. Govinda Pillai Avergal, Inspector of Police, Chengannur taluk, transferred to the Ambalapuzha taluk, assumed charge of his duties, on the afternoon of the 10th Mithunam 1086

Huzur Cutcherry, Trivandrum, 14th July 1911 A. J. VIEYRA, Chief Secretary to Government.

No. 199.

M R Ry. P. Narayanan Tampi Avergal, Inspector of Police, Ettumanur taluk, transferred to the Karunagapalli taluk, assumed charge of his duties on the forenoon of the 12th Mithunam 1086.

Huzur Cutcherry, Trivandrum, 14th July 1911. A. J. VIEYRA, Chief Secretary to Government.

No. 202

M. R. Ry. P. Velu Pillai Avergal, B. A., Inspector of Police, Karunagapalli taluk, transferred to the Kunnathur taluk assumed charge of his duties, on the forenoon of the 14th Mithunam 1086.

Huzur Cutcherry, Trivandrum, 17th July 1911. A. J. VIEYRA, Chief Secretary to Government.

Resumption of Charge.

REVENUE AND MAGISTRACY.

No 193.

M. R Ry. G. Subramania Iyer, B. A., Second Tahsildar and Third Class Magistrate, Oolsavamatom, returned from leave and resumed charge of his duties, on the forenoon of the 1st Mithunam 1086.

Huzur Cutcherry, Trivandrum, 14th July 1911. A. J VIEYRA, Chief Secretary to Government.

No. 196.

Mr. S. R. Swyny, Superintendent, Central Prison, returned from leave and resumed charge of his duties, on the forenoon of the 21st Mithunam 1086.

Huzur Cutcherry, Trivandrum, 14th July 1911. A. J. VIEYRA, Chief Secretary to Government.

REGISTRATION DEPARTMENT.

No. 201.

M. R. Ry. V. Ramakrishna Iyer, B. A., Sub-Registrar, Nemom, returned from leave and resumed charge of his duties, on the forenoon of the 17th June 1911.

Huzur Cutcherry,
Trivandrum,
17th July 1911.

A. J. VIEYRA,
Chief Secretary to Government.

Investiture of Powers

No. 200.

Under Section 10 of Regulation V of 1067, M. R. Ry. N. Rajarama Row Avergal, B. A., appointed to be in charge of the Quilon Division, is invested with the powers of a District Magistrate, while so in charge.

Huzur Cutcherry,
Trivandrum, 17th July 1911.

A. J. VIEYRA,
Chief Secretary to Government.

നിയമനം

കൊല്ലം ഡിവിഷൻ അസിസ്റ്റന്റും ഫസ്റ്റ് ക്ലാസ്സ് മജിസ്ത്രേട്ടുമായ മ. രാ. രാ. എൻ. രാജാരാമരായർ ബി. എ. അവർകളെ മ. രാ. രാ. ആർ. മഹാദേവയ്യർ ബി. എ. അവർകൾ അവധിയിൽ പോയിരിക്കുന്ന കാലത്തേക്കു കൊല്ലം ഡിവിഷൻ ചാർജ് വഹിക്കുന്നതിനു നിയമിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൧൧ ജൂലൈ ൧൭.

എ. ജെ. വിയെറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി.

കാർത്തികപ്പള്ളി തഹശീൽദാരും സെൻട്രൽ പ്രിസൺ ആക്ടിംഗ് സൂപ്രണ്ടും ആയ മ. രാ. രാ. കെ. പത്മനാഭൻതമ്പി ബി. എ. ബി. എൽ. അവർകളെ മ. രാ. രാ. സ. രാഘവാചാര്യ ബി. എ. അവർകൾ ഈ ജോലിയിൽ ഇരിക്കുന്നതിനു പകരം കോട്ടയം സബ് പ്രോട്ടം ഡിവിഷൻ അസിസ്റ്റന്റും ഒന്നാം ക്ലാസ്സ് മജിസ്ത്രേട്ടുമായി നിയമിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൧൧ ജൂലൈ ൧൭.

എ. ജെ. വിയെറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി.

അവധി കൊടുത്ത വിവരം

ആലപ്പുഴ ഒന്നാം ക്ലാസ്സ് മജിസ്ത്രേട്ട് മിസ്റ്റർ കെ. എൻ. അയ്യപ്പ ബി. എ.ക്കു മൂന്നുമാസത്തെ ഫർലോ അവധി കൂടി കൊടുത്തിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൧൧ ജൂലൈ ൧൭.

എ. ജെ. വിയെറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി.

നേമം സബ് രജിസ്ത്രാർ മ. രാ. രാ. വി. രാമകൃഷ്ണയ്യർ ബി. എ.ക്കു മുമ്പിൽ കൊടുത്തിരുന്ന അവധിക്കു പുറമെ ഒരു ദിവസത്തെ പ്രിവിലേജ് അവധിയും ഒരു മാസത്തെയും ൧൮ ദിവസത്തെയും അസാധാരണ അവധിയും കൊടുത്തിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൧൧ ജൂലൈ ൧൭.

എ. ജെ. വിയെറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി.

ചാർജേററ വിവരം.

നമ്പർ [illegible].

പത്മനാഭപുരം ഡിവിഷൻ സബ് പ്രോട്ടം ദിവാൻപേഷ്കാരും ഡിസ്ട്രിക്ട് മജിസ്ത്രേട്ടുമായി നിയമിക്കപ്പെട്ട മ. രാ. രാ. കെ. അയ്യപ്പൻപിള്ള ബി. എ. അവർകൾ ൧൯൧൧ ജൂലൈ ൧൦-ാം ഉച്ചക്കുമുമ്പു ചാർജ് ഏററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൧൧ ജൂലൈ ൧൭.

എ. ജെ. വിയെറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി.

കൊല്ലം ഡിവിഷൻ ചാർജ്ജ് വഹിക്കുന്നതിനു നിയമിക്കപ്പെട്ട മ. രാ. രാ. എൻ. രാജാരാമരായർ ബി. എ. അവർകൾക്ക് ആ ജോലി വഹിക്കുന്ന കാലത്തേക്കു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്റെ അധികാരം കൊടുത്തിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവമ്മെണ്ടു ചീഫ് സെക്രട്ടേറി.

നമ്പർ ൧൨.

വിളവങ്കോട്ടു താലൂക്കിലേക്കു സ്ഥലം മാറ്റപ്പെട്ട കുന്നത്തൂർ താലൂക്കു പോലീസു ഇൻസ്പെക്ടർ മിസ്റ്റർ ചാക്കോ ജാൺ ബി. എ. ൧൯൩൦ മിഥുനം ൧൯-ാം ഉച്ചയ്ക്കുമുമ്പു ചാർജ്ജ് ഏറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവമ്മെണ്ടു ചീഫ് സെക്രട്ടേറി.

നമ്പർ ൧൩.

അമ്പലപ്പുഴ താലൂക്കിലേക്കു സ്ഥലം മാറ്റപ്പെട്ട ചെങ്ങന്നൂർ താലൂക്കു പോലീസു ഇൻസ്പെക്ടർ മ. രാ. രാ. എം. ഗോവിന്ദപ്പിള്ള അവർകൾ ൧൯൩൦ മിഥുനം ൧൯-ാം ഉച്ചതിരിഞ്ഞു ചാർജ്ജ് ഏറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടേറി.

നമ്പർ ൧൪.

കരുനാഗപ്പള്ളി താലൂക്കിലേക്കു സ്ഥലം മാറ്റപ്പെട്ട ഏറ്റുമാനൂർ താലൂക്കു പോലീസു ഇൻസ്പെക്ടർ മ. രാ. രാ. പി. നാരായണൻതമ്പി അവർകൾ ൧൯൩൦ മിഥുനം ൧൯-ാം ഉച്ചയ്ക്കുമുമ്പു ചാർജ്ജ് ഏറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ് സെക്രട്ടേറി.

കുന്നത്തൂർ താലൂക്കിലേക്കു സ്ഥലം മാറ്റപ്പെട്ട കരുനാഗപ്പള്ളി പോലീസു ഇൻസ്പെക്ടർ മ. രാ. രാ. പി. വേലുപ്പിള്ള ബി. എ. അവർകൾ ൧൯൩൦ മിഥുനം ൧൯-ാം ഉച്ചക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ് സെക്രട്ടേറി.

തിരിയെ ചാർജ്ജേറ്റ വിവരം.

ഉദ്യോഗം വക ആവശ്യത്തിന്മേൽ ഒന്നാം ക്ലാസ്സ് മജിസ്ത്രേട്ടായ മ. രാ. രാ. ജി. സുബ്രഹ്മണ്യയ്യർ ബി. എ. അവധി കഴിഞ്ഞു തിരിച്ചു ഹാജരായി ൧൯൩൦ മിഥുനം ൧൯-ാം ഉച്ചയ്ക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ് സെക്രട്ടേറി.

നമ്പർ ൧൫.

സെൻട്രൽ പ്രിസൺ സൂപ്രണ്ടു മിസ്റ്റർ. എസ്. ആർ. സ്മിത്ത് അവധികഴിഞ്ഞു തിരിച്ചെത്തി. ൧൯൩൦ മിഥുനം ൧൯-ാം ഉച്ചയ്ക്കുമുമ്പു ചാർജ്ജ് ഏറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം.
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ് സെക്രട്ടേറി.

നേമം സബ് രജിസ്ട്രാർ മ. രാ. രാ. വി. രാമകൃഷ്ണയ്യർ ബി. എ. അവധി കഴിഞ്ഞു ൧൯൩൦ ജൂൺ ൧൯-ാം ഉച്ചക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ് സെക്രട്ടേറി.

അധികാരം കൊടുത്ത വിവരം.

മ. രാ. രാ. എൻ. രാജാരാമരായർ അവർകൾ ബി. എ. ൧൯൩൦ ജൂലൈ ൧൯-ാം ഉച്ചതിരിഞ്ഞു കൊല്ലം ഡിവിഷൻ ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൩൦ ജൂലൈ ൨൨. } എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ് സെക്രട്ടേറി

തിരുവിതാംകോട്ട ഗവർമ്മെണ്ട് പ്രൊസീഡിംഗ്സ്.

(൧) പത്മനാഭപുരം ഡിവിഷനിൽ തോവാള താലൂക്കിലും അഗസ്തീശ്വരം താലൂക്കിലും ലാൻഡ് റിക്കാർഡ്സ് സംരക്ഷണ ജോലിയിൽ ഉള്ള കുടിശ്ശിക തീർക്കുന്നതിലേക്ക ഒരു കൂട്ടം താത്കാലിക ജീവനക്കാരെ അനുവദിക്കുന്നതായ ൧൦൮൬-ം വർഷം ൩൩-യിലെ L. R. ൩൮൫-ം നംബർ ഗവർമ്മെണ്ടാജ്ഞയും,

(൨) തിരുവനന്തപുരം ഡിവിഷനിൽ നെയ്യാറ്റുങ്കര താലൂക്കിലും ചിറയിൻകീഴ് താലൂക്കിലും അതേ കാര്യത്തിലേക്ക താത്കാലികമായ ഒരു കൂട്ടം ജീവനക്കാരെ അനുവദിക്കുന്നതായ ൧൦൮൬ ഫെബ്രുവരിമാസം ൨-ം യിലെ L. R. ൨൧൧ നംബർ ഗവർമ്മെണ്ടാജ്ഞയും,

(൩) തോവാള താലൂക്കിലും അഗസ്തീശ്വരം താലൂക്കിലും താത്കാലിക ജീവനക്കാരെ ൧൦൮൬ മാണ്ടു അവസാനം വരെ വച്ചു കൊള്ളുന്നതിന്ന അനുവദിച്ചു പത്മനാഭപുരം ദിവാൻ പേഷ്കാര ൧൦൮൬ ജൂൺ മാസം ൧൭-ം L. R. ൧൧൭൭-ം നംബരിൽ അയച്ച ലെട്ടരും,

(൪) മൈനർ ചാനലുകളുടെ ഡിമാർക്കേഷനെ സംബന്ധിച്ചു പത്മനാഭപുരം ദിവാൻ പേഷ്കാർ ൧൦൮൬-ം വർഷം ജൂൺ മാസം ൧൭-ം അയച്ച L. R. ൫൨൫൭-ം നംബർ ലെട്ടരും

(൫) പത്മനാഭപുരം ഡിവിഷനിൽ ഇരണിയൽ, കൽക്കുളം, വിളവംകോട്, ഈ താലൂക്കുകളിൽ ലാൻഡ് റിക്കാർഡ്സ് സംരക്ഷണത്തിനായി ഏതാനും ഏർപ്പാടുകൾ ചെയ്യുന്നതിന്ന അനുവദിച്ചു ൧൦൮൦ വർഷം നവംബർ മാസം ൧൭-ം L. R. ൧൨൨൨൭ നംബരിൽ ഉണ്ടായ ഗവർമ്മെണ്ടാജ്ഞയും,

(൬) നെയ്യാറ്റിൻകര താലൂക്കിലും ചിറയിൻകീഴ് താലൂക്കിലും താത്കാലിക ജീവനക്കാരെ ൧൦൮൬ മാണ്ടു അവസാനം വരെ വച്ചു കൊള്ളുന്നതിന്ന അനുവദിച്ചു തിരുവനന്തപുരം സീനിയർ ദിവാൻ പേഷ്കാർ ൧൦൮൬-ം വർഷം മാർച്ച് മാസം ൧൭-ം L. R. ൧൨൨൨-ം നംബരിൽ അയച്ച ലെട്ടരും,

വീണ്ടും വായിച്ചു.

(൭) നെയ്യാറ്റിൻകര താലൂക്കിലേക്കും ചിറയിൻകീഴ് താലൂക്കിലേക്കും മാസം ഒന്നുക്ക ൨൦ രൂപാ ശമ്പളത്തിൽ കൂടുതലായി ഓരോ തിയോഡലൈറ്റ് സർവേയരെയും അനുവദിക്കണമെന്നു അപേക്ഷിച്ചു തിരുവനന്തപുരം സീനിയർ ദിവാൻ പേഷ്കാർ ൧൦൮൬-ം വർഷം നവംബർ മാസം ൧൭-ം ൧൫൬൭-ം നംബരിൽ അയച്ച ലെട്ടരും,

(൮) തിയോഡലൈറ്റ് കല്ലുകളെ വീണ്ടും ഉറപ്പിക്കുന്നതിനായി തിരുവനന്തപുരത്തുള്ള താലൂക്ക സർവേയരെ സഹായിക്കുന്നതിന്ന രണ്ടു കൂലിക്കാരെ നിയമിക്കണമെന്നു അപേക്ഷിച്ചു തിരുവനന്തപുരം സീനിയർ ദിവാൻ പേഷ്കാർ ൧൦൮൬-ം വർഷം നവംബർ മാസം ൧൭-ം ൧൫൭൭-ം നംബരിൽ അയച്ച ലെട്ടരും,

(൯) തിരുവനന്തപുരം ഡിവിഷനിൽ സബ് അസിസ്റ്റണ്ടിന്റെ ട്രാവലിങ്ങ് ചാർജ് വകയ്ക്ക ൧൦ രൂപായോളം ചിങ്ങമാസം മുതൽ അനുവദിക്കണമെന്നു അപേക്ഷിച്ചു തിരുവനന്തപുരം ആക്ടിങ്ങ് ദിവാൻ പേഷ്കാർ ൧൦൮൬-ം വർഷം മകരമാസം ൧൭-ം ൧൨൨൭-ം നംബരിൽ അയച്ച ലെട്ടരും,

(൧൦) പത്മനാഭപുരം ഡിവിഷനിൽ സബ് ഡിവിഷനുകളുടെ ഡിമാർക്കേഷൻ സർവേയും തുടങ്ങിയില്ല എന്നു ഗവർമ്മെണ്ടിനെ പ്രത്യേകമായി ധരിപ്പിക്കുന്നതായി സർവേ സൂപ്രിണ്ടെണ്ടു ൧൦൮൬ ഏപ്രിൽ ൨൭-ം അയച്ച ഡെമി ഒഫിഷ്യൽ ലെട്ടരും,

കൂടി വായിച്ചു.

൧. തിരുവനന്തപുരം ഡിവിഷനിലും പത്മനാഭപുരം ഡിവിഷനിലും ലാൻഡ് റിക്കാർഡ്സ് സംരക്ഷണ ജോലിയുടെ അഭിവൃദ്ധിയെക്കുറിച്ചു യഥാക്രമം ൧൦൮൬ ഏപ്രിൽ മാസം ൨൭-ം യും ൧൦൮൬ ഏപ്രിൽ മാസം ൨൭-ം സർവേ സൂപ്രിണ്ടെണ്ട്, സംബന്ധപ്പെട്ട പേഷ്കാർമാർ തഹശീൽദാർമാർ ഇവരോടു കൂടി ദിവാൻ മുമ്പാകെ പ്രതിപാദനം ചെയ്തു.

അതിന്മേൽ ചെയ്ത ഉത്തരവു; നമ്പർ L. R. ൪൩൨. തിരുവനന്തപുരം ൧൧൦൫-ാമാണ്ടു മേടമാസം ൧൨-ാം.

൧൧൦൪-ാമാണ്ടു മീനമാസാവസാനം വരെ പത്മനാഭപുരം ഡിവിഷനിലും തിരുവനന്തപുരം ഡിവിഷനിലും ലാൻഡ് റിക്കാർഡ്സ് സംരക്ഷണ പ്രവൃത്തിയിലുള്ള കുടിശ്ശികകളെ തീർക്കുന്നതിനു ചെയ്തിട്ടുള്ള അഭിവൃദ്ധികളെ പരിശോധിക്കുന്നതിനായി ഗവർന്മെന്റ് നിശ്ചയിക്കുന്നു.

പത്മനാഭപുരം ഡിവിഷൻ

൧. തോവാള താലൂക്കിലും അഗസ്തീശ്വരം താലൂക്കിലും ലാൻഡ് റിക്കാർഡ്സ് സംരക്ഷണ ജോലിയുടെ കുടിശ്ശിക തീർക്കുന്നതിലേക്ക് ഒരു പദ്ധതി ൧൧൦൪-ാമാണ്ടു മീനമാസം ൧൫-നു മുതൽ നടപ്പിലാക്കത്തക്കവണ്ണം അനുവദിക്കപ്പെട്ടു. ഇക്കാര്യത്തിലേക്ക് ഒരു കൂട്ടം താൽക്കാലികജീവനക്കാരും അനുവദിക്കപ്പെട്ടു.

അതു മാസം ഒന്നുക്കു ൫൦ രൂപാ ശമ്പളത്തിൽ ഒരു സർവ്വേ അസിസ്റ്റന്റും,
ടി. ൨൦ ടി. ക്ലർക്കും
ടി. ൭ രൂപാ വീതം ടി. ൪ ശിപായിമാരും
ടി. ൧൦ ടി. ൨൬ കണക്കന്മാരും ചേർന്ന ഒരു കൂട്ടം ജീവനക്കാരായിരുന്നു.

ഈ ജോലിപദ്ധതിയുടെ പ്രധാന ലക്ഷണങ്ങളാവിതു:—

(i) താൽക്കാലികമായ കണക്കന്മാരെ ആരംഭത്തിൽ രണ്ടു താലൂക്കുകളിൽ ഓരോന്നിലേയും തിരഞ്ഞെടുത്ത ഏതാനും പകുതികളിൽ ജോലിക്കായി നിയോഗിക്കണം എന്നും,

(ii) ഒരു പകുതിയിലെ കുടിശ്ശികതീർപ്പു ജോലി അവസാനിക്കുന്തോറും ഓരോ താലൂക്കുകളിലും ഇതുപോലെ ഒരുകൂട്ടം ഏതാനും പുതിയ പകുതികളിലേക്ക് അവരെ മാറ്റണം എന്നും,

(iii) സ്ഥിരം അക്കൌണ്ടന്റ്മാരിൽ യാതൊരുത്തനേയും അയാളുടെ പകുതിയിൽനിന്നു യാതൊരു സംഗതിവശാലും മറ്റൊരുസ്ഥലത്തു ജോലിക്കായി മാറ്റാതിരിക്കണം എന്നും,

(iv) താൽക്കാല ജീവനക്കാരെ സർവെസംബന്ധമില്ലാത്ത ജോലിക്കു അധികമായി വിനിയോഗിച്ചുകൊണ്ടു പ്രസ്തുതജോലിയിൽ കഴിയുന്നെടത്തോളം അധികംഭാഗം സ്ഥിരം സിൽബന്തികളെക്കൊണ്ടു ചെയ്യിക്കണം എന്നും,

(v) താൽക്കാലസിൽബന്തികളും ജോലിതുടങ്ങാത്ത പകുതികളിലും സ്ഥിരജീവനക്കാരെക്കൊണ്ടു സർവെജോലികളിൽ ഏതാനുംഭാഗം ചെയ്യിക്കണം എന്നും,

(vi) ലാൻഡ്റിക്കാർഡ്സ് ജീവനക്കാർ ചെയ്യുന്ന ജോലികളുടെ മേൽനോട്ടത്തെ സംബന്ധിച്ച എല്ലാ സാങ്കേതികസംഗതികളിലും ആ സർവെ അസിസ്റ്റന്റ് സംബന്ധപ്പെട്ട പേഷ്കാരേയും തഹശീൽദാർമാരേയും സഹായിക്കയും ഉപദേശിക്കയും ചെയ്യണം എന്നും അദ്ദേഹം ഡിവിഷനിലെ എല്ലാ തഹശീൽദാർമാരേയും അവരവരുടെ താലൂക്കിൽ ജോലിക്കു വിഘാതംകൂടാതെ സർവെ പരിശീലിപ്പിക്കണം എന്നും,

ആയിരുന്നു.

൨. താൽക്കാലജീവനക്കാരെ ആദ്യം ഒരു കൊല്ലത്തേക്കുമാത്രം അനുവദിച്ചിരുന്നു. അതിൽ പിന്നീട്ടു ൧൧൦൫-ാമാണ്ടു അവസാനംവരെ അവരെ വച്ചുകൊള്ളുന്നതിനു അനുവദിച്ചിട്ടുണ്ടു. ജീവനക്കാരിൽ അല്പം മാറ്റവും ചെയ്തിട്ടുണ്ട്. രണ്ടു താലൂക്കുകളിൽ ഓരോന്നിലും താൽക്കാലിക അക്കൌണ്ടന്റ്മാരിൽ ൨ പേർവീതം നീത്തലാക്കപ്പെടുകയും ആവശ്യമുള്ളേടത്തു തീയാഡലൈറ്റുകല്ലുകൾ ശരിയായസ്ഥാനത്തു നിൽക്കുന്നുവോ എന്നു നോക്കുന്നതിലേക്കും അവയെ വീണ്ടും ഉറപ്പിക്കേണ്ടതു ആവശ്യമായിരിക്കുന്ന ഇടത്തു അങ്ങനെ ചെയ്യുന്നതിലേക്കും ആയി ഓരോ താലൂക്കിലും അവരുടെ സ്ഥാനത്തിൽ മാസം ഒന്നുക്കു ൨൦ രൂപാ ശമ്പളത്തിൽ ഒരു അസിസ്റ്റന്റ് സർവേയർ നിയമിക്കപ്പെടുകയും ചെയ്തു. ഓരോ പകുതിക്കും ൨ അളവുകാർവീതം ൫൨ അളവുകാരും നിയമിക്കപ്പെട്ടു.

൩. രണ്ടു താലൂക്കിലും നടന്ന ജോലിയുടെ അഭിവൃദ്ധിയെ ഗണിക്കുന്നതായാൽ തോവാളത്താലൂക്കിലും അഗസ്തീശ്വരം താലൂക്കിലുംഉള്ള എല്ലാ പകുതികളിലും കല്ലുവകക്കുള്ള പടങ്ങളും കല്ലുവകക്കുള്ള (എ)യും-(ബി)-യും രജിസ്റ്ററുകളും പൂർത്തിയാക്കപ്പെട്ടിരിക്കുന്നു എന്നുള്ള സംഗതിയെ ശ്രദ്ധിച്ചിരിക്കുന്നു. തീയാഡലൈറ്റുകല്ലുകളെ പരിശോധിക്കുകയും അവയിൽ കാണാതെപോയിട്ടുള്ളവയെ വീണ്ടും സ്ഥാപിക്കുകയും ചെയ്യുന്ന ജോലി തോവാള താലൂക്കിലെ ൧൫ പകുതികളിൽ

നാലിലും, അഗസ്തീശ്വരം താലൂക്കിലെ ൩൭ പകുതികളിൽ ൭ പകുതികളിലും ചെയ്തു തീൎന്നിട്ടുണ്ടു. ഫീൽഡ് കല്ലുകളെ പരിശോധിക്കുകയും അവയിൽ കാണാതെ പോയിട്ടുള്ളവയെ വീണ്ടും സ്ഥാപിക്കുകയും ചെയ്യുന്ന ജോലിയെ തോവാള താലൂക്കിൽ ൯ പകുതികളിലും അഗസ്തീശ്വരം താലൂക്കിൽ ൧൧ പകുതികളിലും മുഴുവനും പൂൎത്തിയാക്കുകയും അഗസ്തീശ്വരം താലൂക്കിൽ വേറെ രണ്ടു പകുതികളിൽ ഏകദേശം പൂൎത്തിയാക്കുകയും ചെയ്തിട്ടുണ്ടു. സർവെ ഫീൽഡുകളെമാത്രം ഫീൽഡ് മെഷർമെന്റ് ബുക്ക തയ്യാറാക്കുന്ന ജോലി തോവാളയിൽ ൩ പകുതികളിലും അഗസ്തീശ്വരത്തു രണ്ടു പകുതികളിലും പൂൎണ്ണമായി ചെയ്തുതീൎക്കുകയും അഗസ്തീശ്വരം താലൂക്കിൽ വേറെയും ൭ പകുതികളിൽ ഏകദേശം പൂൎത്തിയാക്കുകയും ചെയ്തിട്ടുണ്ടു. ഫീൽഡു കല്ലുകളെ പരിശോധിക്കയും നാട്ടുകയുംചെയ്യുന്ന ജോലിയും സർവെ ഫീൽഡുകൾക്കുമാത്രം ഫീൽഡു മെഷർമെന്റു ബുക്കുകളെ ആദ്യത്തെ തവണയ്ക്കു പ്ലാട്ചെയ്യുന്ന ജോലിയും ൧൦൮൭-മാണ്ടു അവസാനിക്കുംമുമ്പു മുഴുവനും പൂൎത്തിയാക്കപ്പെടും എന്നു പ്രതീക്ഷിക്കുന്നു.

i ഫീൽഡ് മെഷർമെന്റ് ബുക്കുകളെ പരിശോധിച്ചു നോക്കുകയും മഷികൊണ്ടു എഴുതുകയും ചെയ്യുന്ന ജോലിയും,

ii അഗസ്തീശ്വരം താലൂക്കിൽ ൩ പകുതികളിലും തോവാളയിൽ ൭ പകുതികളിലും തീയാധലൈട് കല്ലുകളെ നന്നാക്കുകയും വീണ്ടും സ്ഥാപിക്കയും ചെയ്യുന്ന ജോലിയും,

iii എല്ലാ പകുതികളിലും സബ്ഡിവിഷൻ അളക്കുകയും പാട്ചെയ്യുന്ന ജോലികളും C. ഫാറം രെജിസ്റ്റർ എഴുതിത്തീൎക്കുന്ന ജോലിയും.

ഈ രണ്ടു താലൂക്കുകളിലും ൧൦൮൭-മാണ്ടിലെ ചെയ്യാൻ പാടൊള്ളു എന്നു പേഷ്കാർ അഭിപ്രായപ്പെടുന്നു.

൭. മേൽ ൩-ം പാരാവിൽ വിവരിച്ചിട്ടുള്ളതുപോലെ തോവാള താലൂക്കിലും അഗസ്തീശ്വരം താലൂക്കിലും ഇപ്പോൾ ജോലിചെയ്യുന്ന താല്ക്കാലിക ജീവനക്കാരെ നിയമിച്ചിരിക്കുന്ന കാലാവധി ൧൦൮൭ മാണ്ടിന്റെ അവസാനം തൊട്ടുകൂടി നിന്നുപോകും. ഇതിനുമുമ്പിലത്തെ പാരാവിൽ കുറിച്ചിരിക്കുന്ന ജോലികൾ ചെയ്തുതീൎക്കുന്നതിലേക്കായി ഈ ജീവനക്കാരെ ഏതാനും കാലത്തേക്കുകൂടി നിൎത്തിവച്ചിരിക്കേണ്ടതു ആവശ്യമാണെന്നു പേഷ്കാർ വിചാരിക്കുന്നു. സബ്ഡിവിഷൻ അളക്കുന്നതും പ്ലാട് ചെയ്യുന്നതും ആയ ജോലി ലാന്റ് റിക്കാർഡ്സ് സംരക്ഷണത്തെ സംബന്ധിച്ച പ്രവൃത്തിയിൽ വളരെ പ്രധാനപ്പെട്ട അംശം ആകുന്നു ഈ അംശത്തെ സംബന്ധിച്ച ഇതേവരെ യാതൊന്നും ചെയ്തിട്ടില്ലാഎന്നു ഗവൎമ്മെന്റ് വ്യസനസമേതം ഗണിക്കുന്നു. കണ്ടെഴുത്തുനടക്കുന്ന കാലത്തിലായാലും കണ്ടെഴുത്തിനു പിന്നീടായാലും സർവെ കഴിഞ്ഞതിന്റെശേഷം ഉണ്ടായിട്ടുള്ള എല്ലാ സബ് ഡിവിഷനേയും വിവരമായി ലാന്റ് റിക്കാർഡ്സ് കാണിക്കുന്നതായാൽ അല്ലാതെ ഒരു താലൂക്കിലെ ലാന്റ് റിക്കാർഡ്സ് പൂൎത്തിയാകുന്നതല്ലാ. പേഷ്കാർ ഈ മാൎഗ്ഗത്തിൽ വളരെ അടുത്തകാലത്തിൽ വേണ്ട നടപടി ചെയ്യേണ്ടതാകുന്നു. സർവെ ഫീൽഡുകൾ വകയ്ക്കു ഇതിനുമുമ്പിലെ തയ്യാറാക്കീട്ടുള്ള ഫീൽഡു മെഷർമെന്റ് സ്കെച്ചുകളെ തിരുത്തേണ്ടതു ആവശ്യമല്ല. എന്നാൽ ഏതു സർവെ ഫീൽഡുകളിൽ സബ് ഡിവിഷനുകളെ സർവെ ചെയ്യേണ്ടിയിരിക്കുന്നുവൊ ആ സർവെ ഫീൽഡുകൾക്കു പ്ലാട്ചെയ്തു പ്രത്യേകം സ്കെച് ഉണ്ടാക്കേണ്ടതും ആ സർവെ ഫീൽഡിന്റെ മെഷർമെന്റ് ബുക്കിൽ ഉള്ള സബ്ഡിവിഷൻ സ്കെച് നോക്കണം എന്നെഴുതേണ്ടതും ആകുന്നു.

൮. കാലുകൾ എത്രതന്നെ ഇടുങ്ങിയതായിരുന്നാലും അവയ്ക്കു ഉൾവശത്തും സബ്ഡിവിഷൻ കല്ലുകൾനാട്ടി ഡിമാർക്കേട്ടു ചെയ്യേണമൊ എന്നുള്ള പ്രശ്നം കാലുകളുടെ സബ്ഡിവിഷനെപ്പറ്റി ജനിച്ചിരിക്കുന്നു. ഇതിലേക്കു ൧൦ ലിങ്കൊ അതിൽകൂടുതലൊ വീതിയുള്ള കാലുകളെമാത്രം സാധാരണമായി അപ്രകാരം ഡിമാർകേട് ചെയ്യേണ്ടതൊള്ളൂ എന്നും ഒന്നാമത്തെ ഫീൽഡിൽ ഈ ചെറിയ കാലുകൾക്കുപുറമെ മറ്റു സബ്ഡിവിഷനുകൾ ഉണ്ടായിരിക്കയും അവയുടെ അതിൎത്തികൾ ഈ കാലുകളുടെ അതിൎത്തികളിൽ തൊട്ടുകിടക്കയും ചെയ്യുമ്പോൾ ഈ കാലുകൾ ഉൾപ്പെടെയുള്ള എല്ലാ സബ്ഡിവിഷനുകൾക്കും സബ്ഡിവിഷൻ കല്ലുകൾ നാട്ടേണ്ടതാകുന്നു എന്നും ഗവൎമ്മെന്റ് ഇതിനുമുമ്പിലെ തീൎച്ചചെയ്തിട്ടുണ്ട്. ഈ രീതിയെ മറ്റു ഡിവിഷനുകളിലും അനുസരിച്ചു നടക്കാനായി ദൃഷ്ടിയിൽവച്ചു കൊള്ളേണ്ടതാകുന്നു.

൯. മറ്റൊരു പ്രധാനവിഷയം സർവെ കാലത്തിൽ മൈനർ സക്ക്യൂട്ടുകളായി സർവെ ചെയ്തിട്ടുണ്ടായിരുന്നവയും അതിൽപിന്നീടു സെറ്റിൽമെന്റു ഡിപ്പാൎട്ടുമെന്റിനാൽ സബ് ഡിവൈഡ് ചെയ്യപ്പെട്ടിട്ടുള്ളവയും ആയ ഗ്രാമങ്ങൾ കേട്ടിയിരിക്കുന്ന ട്രാക്കുകളിൽ കാണേണ്ടതായ

തന്നിപ്പതടയുള്ള ധാരകവസ്തുവിന്റെ സംഗതി ആകുന്നു. ഈ ഫീൽഡുകളെ സബ് ഡിവൈഡ് ചെയ്യുന്ന ജോലിക്കു അധികമായും തിയോഡലൈട് ജോലി ആവശ്യമായിരിക്കും എന്നുള്ളതുകൊണ്ടു സാധാരണപകുതി ജീവനക്കാർ ഈ പ്രവൃത്തിയെ തൃപ്തികരമായി ചെയ്യുന്നതിനു ശക്തന്മാരായിവരികയില്ല. എന്നുവരികിലും ലാൻഡ്റിക്കാർഡുകളുടെ സംരക്ഷണത്തിൽ ഉണ്ടാകുന്ന കുടിശ്ശിക ജോലിതീർക്കുന്നതിനെ സംബന്ധിച്ച ഈ പ്രവൃത്തിയും ഇപ്പോൾ ചെയ്തുതീരേണ്ടതു ആവശ്യമാകുന്നു. ഇതിലേക്കു വിശേഷാലായി ഒന്നോ രണ്ടോ അസിസ്റ്റണ്ട് തിയോഡലൈട് സർവേയർ ആവശ്യപ്പെടാം. ഈ പ്രവൃത്തിക്കു സബ് അസിസ്റ്റണ്ടിന്റെയും റവന്യൂ സർവെ സൂപ്പർ ഇണ്ടെണ്ടെന്റിന്റെയും സൂക്ഷ്മവും അടുത്തും ഉള്ള മേൽനോട്ടം ആവശ്യമായിരിക്കുന്നു.

൧൮. കല്ലുകൾ നാട്ടുകയും ഫീൽഡുകളിൽ സബ് ഡിവിഷനെ സർവെ ചെയ്കയും ചെയ്യാൽ അതേ അമൈനുണ്ട്മാർ തന്നെ ഫീൽഡുകൾ പ്ലാട്ചെയ്യുന്ന ജോലിയും കഴിയുന്നെടത്തോളം ചെയ്യേണ്ടതാകുന്നു എന്നും പ്ലാട്ചെയ്യുന്നതിൽ സ്ഥലസംബന്ധമായ അറിവു സഹായമായിരിക്കത്തക്കവണ്ണം ഓരോ ഫീൽഡിലേയും ഫീൽഡ്ജോലി തീർന്നയുടനെതന്നെ പ്ലാട് ചെയ്യുന്ന ജോലിയും നടത്തേണ്ടതാകുന്നു എന്നും ഗവൺമെണ്ട് വിചാരിക്കുന്നു. കല്ലുകൾ നാട്ടുന്ന ജോലി പൂർത്തിയാക്കപ്പെട്ടിട്ടുള്ള അനേകം പകുതികളിൽ പ്ലാട്ചെയ്യുന്ന ജോലി തുടങ്ങീട്ടെയില്ലാത്തതുകൊണ്ടു ഈ രീതിയെ തോവാളയിലും അഗസ്തീശ്വരത്തിലും പ്രയോഗത്തിൽവച്ചു അനുവർത്തിച്ചിട്ടില്ലാ എന്നുള്ള സംഗതിയെ സർവെ സൂപ്പർ ഇണ്ടെണ്ടെന്റ് ശ്രദ്ധിപ്പിച്ചിരിക്കുന്നു.

൧൯. ലാൻഡ്റിക്കാർഡ്സ് സംരക്ഷണ ചട്ടങ്ങളിൽ വെളിവായി വ്യവസ്ഥ ചെയ്തിട്ടില്ലാ എന്നുവരികിലും ചെയ്തുതീർക്കേണ്ടതായ മറ്റൊരു ഇനം ജോലികൂടി ഉണ്ടു. അതു എല്ലാ സർവേനംബരും സബ്ഡിവിഷൻ നംബരും കാണിച്ചും കണ്ടെഴുത്തു നടന്നതിൽപിന്നീടു സംഭവിച്ചിട്ടുള്ള എല്ലാ മാറ്റങ്ങളെ ഉൾപ്പെടുത്തിയും ഓരോ പകുതിക്കും ഒരു രെജിസ്റ്റർ എഴുതിക്കുന്ന ജോലി ആകുന്നു. ഇതു സെറ്റിൽമെണ്ട് രെജിസ്റ്ററിനെ കാര്യവശാൽ ഏതുകാലത്തും ശരിപ്പെടുത്തിക്കൊണ്ടു വരുന്നതായിരിക്കും. ഈ രെജിസ്റ്ററുകൾക്കു ഒരു ഫാറം നിശ്ചയിക്കുന്നതും അതിലെ പ്രതികൾ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിക്കുന്നതു തോവാള താലൂക്കിലേക്കും അഗസ്തീശ്വരം താലൂക്കിലേക്കും എത്രയെണ്ണം ഫാറങ്ങൾ ആവശ്യം ഉണ്ടെന്നു പേഷ്കാർ എഴുതിഅയക്കുമ്പോൾ ആ താലൂക്കുകളിലേക്കു അയച്ചുകൊടുക്കുന്നതിനു ഏർപ്പാടു ചെയ്യുന്നതും ആകുന്നു. മേൽപ്പറഞ്ഞ പലഇനത്തിലുള്ള ജോലികൾ പൂർത്തിയാക്കുന്നതിനു സ്ഥിരംജീവനക്കാരെ സഹായിക്കുന്നതിലേക്കു താല്ക്കാലജീവനക്കാരെ ഈ രണ്ടു താലൂക്കുകളിലും ൧൦൯൯-മാണ്ടു അവസാനംവരെ വച്ചിരിക്കുന്നതല്ല എന്നു ഗവൺമെണ്ട് വിചാരിക്കുന്നു. തോവാളതാലൂക്കിലും അഗസ്തീശ്വരം താലൂക്കിലും മേൽവിവരിച്ചതായ രീതിയിൽ ജോലികൾ ചെയ്തു പൂർത്തിയാക്കുന്നതിലേക്കു വേണ്ട ഖണ്ഡിതമായ നിർദ്ദേശങ്ങൾ പേഷ്കാർ സർവെ സൂപ്പർ ഇണ്ടെണ്ടെന്റുമായി ആലോചിച്ചു താമസിയാതെ ഗവർന്മെണ്ടിലേക്കു അയക്കേണ്ടതാകുന്നു.

൨൦. ഈ ഡിവിഷനിൽ ശേഷമുള്ള താലൂക്കുകളായ ഇരണിയൽ, കല്കുളം, വിളവങ്കോടു ഈ താലൂക്കുകൾ ഈ പ്രവൃത്തി സബ് അസിസ്റ്റണ്ടിന്റെ മാസ്റ്ററേഷനത്തിൻകീഴിൽ സ്ഥിരം ജീവനക്കാർ നടത്തിവരുന്നു. വിളവങ്കോട്ടിൽ കല്ലുവക പടങ്ങളും കല്ലുവക ഏ. ബി. രെജിസ്റ്ററുകളും കാര്യവശാൽ പൂർത്തിയാക്കപ്പെട്ടിട്ടുണ്ടു. മറ്റു രണ്ടു താലൂക്കുകളിലും ഈ ജോലിയിൽ അഭിവൃദ്ധിയുള്ളതായി ബോധിപ്പിച്ചിരിക്കുന്നു. ഫീൽഡ് കല്ലുകളെ പരിശോധിക്കയും അവയുടെ ഇടയിൽ കാണാത്തവയെ വീണ്ടും നാട്ടുവിക്കുകയും ചെയ്യുന്ന ജോലി എല്ലാ താലൂക്കുകളിലും ആരംഭിച്ചിട്ടില്ലെയൊള്ളു. ഈ ജോലിയെ സംബന്ധപ്പെട്ട തഹശീൽദാർമാർ കൊല്ലങ്കോട്ടിലും തിരുവട്ടാറ്റും ഉള്ള സബ്മാജിസ്ത്രേട്മാരും സങ്കേതം തഹശീൽദാരും മേൽപരിശോധന നടത്തുന്നതിനായി ഏല്പിച്ചിരിക്കുന്നു. തോവാളയും അഗസ്തീശ്വരവും താലൂക്കുകളെ സംബന്ധിച്ചു പേഷ്കാരോടു എഴുതി അയക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങളെ തീർച്ചയാക്കിയതിൽ പിന്നീടു ഈ മൂന്നു താലൂക്കുകളിലും ഈ ജോലിയെ വേഗം നടത്തി തീർക്കേണ്ട സംഗതിയെക്കുറിച്ചു ആലോചിക്കുന്നതാകുന്നു.

തിരുവനന്തപുരം ഡിവിഷൻ

൨൧. നെയ്യാറ്റിൻകര താലൂക്കിലും ചിറയിൻകീഴ് താലൂക്കിലും ലാൻഡ് റിക്കാർഡ്സ് സംരക്ഷണ ജോലിയിൽ കുടിശ്ശിക തീർക്കുന്നതിലേക്കായി തോവാളക്കും അഗസ്തീശ്വരത്തേക്കും അനുവദിച്ചിട്ടുള്ളതുപോലെ ഒരു പദ്ധതി ൧൦൯൭-മാണ്ടു മീനമാസം ൧൦-ം മുതൽ നടപ്പാക്കപ്പെട്ടിരുന്നു അതു,

മാസം ഒന്നുക്കു ൧൦ രൂപാ ശംബളത്തിൽ ഒരു സർവ്വേ അസിസ്റ്റന്റും.

ടി	൧൫	ടി	ക്ലർക്കും.
ടി	൭ രൂപാ വീതം	ടി	൨ ശിപായിമാരും.
ടി	൫	ടി	൩൦ കടനക്കാരും.

ചേർന്ന ഒരുകൂട്ടം ജീവനക്കാരായിരുന്നു.

൧൦൮൫-മാണ്ടു അവസാനിച്ചപ്പോഴാം രണ്ടു താലൂക്കിലെ ജോലിയിലും ൨ കണക്കന്മാരെ നിർത്തൽ ചെയ്യുകയും ആ രണ്ടു താലൂക്കിൽ ഓരോന്നിലേക്കും അവരുടെ സ്ഥാനത്തിൽ മാസം ഒന്നുക്കു ൨൦ രൂപാ ശംബളത്തിൽ ഒരു അസിസ്റ്റന്റ് സൂപ്രവൈസറെ നിയമിക്കുകയും ചെയ്തു. ഓരോ പകുതിക്കും ൨ അളവുകാർവീതം ൩൦ അളവുകാരും നിയമിക്കപ്പെട്ടു.

൧൨. മേൽപ്പറഞ്ഞ താല്ക്കാലിക ജീവനക്കാരെ നിയമിച്ചിരിക്കുന്ന കാലാവധി ൧൦൮൬-മാണ്ടത്തെ ഒടുവിലത്തെ ദിവസത്തോടുകൂടി അവസാനിക്കുന്നതാകുന്നു. ജോലിയുടെ അഭിവൃദ്ധിയിൽ ഇപ്പോൾ കാണുന്ന രീതി അനുസരിച്ചു ചിറയിൻകീഴ് താലൂക്കിൽ കടിശ്ശിലകൾ തീർന്നു നടപ്പുജോലിയായി തീരുന്നതിനു ൧൦൮൭-മാണ്ടും ൧൦൮൮-മാണ്ടും മുഴുവനും വേണ്ടിവരും എന്നും നെയ്യാറ്റിൻകര താലൂക്കിൽ കടിശ്ശിലയെല്ലാം തീർന്നു നടപ്പുജോലിയായി തീരുന്നതിനു ൧൦൮൭-മാണ്ടു മദ്ധ്യകാലംവരേയും വേണ്ടിവരുന്നതാകുന്നു എന്നും പറയുന്നു. വിശേഷാൽ ജീവനക്കാരെ മേലും വച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ചു പേഷ്കാരുടെ നിർദ്ദേശങ്ങൾ കിട്ടുന്നതിനായി കാത്തിരിക്കുന്നു.

൧൩. ൧൦൮൬ രണ്ടു താലൂക്കുകളിലും ജോലിയിൽ ഉള്ള അഭിവൃദ്ധിയെ സംബന്ധിച്ചു പറയുന്നതായാൽ നെയ്യാറ്റിൻകര താലൂക്കിൽ ൧൬ പകുതികളിൽ ഒന്നിൽ മാത്രമെ ൧൦൮൬ ലെ ജോലി ഏകദേശം പൂർത്തിയായിട്ടുള്ളു. മറ്റു രണ്ടു പകുതികളിലും ഫീൽഡ്‌വർക്കു തുടങ്ങീട്ടുണ്ടു. അതു നടന്നുവരുന്നു. എന്നാൽ ശേഷമുള്ള ൧൩ പകുതികളിലും ഫീൽഡ്‌വർക്കു ആരംഭിച്ചിട്ടുകൂടെയില്ല. എന്നാൽ ൧൦൮൬ ലെ ൧൩ പകുതികളിൽ ൨ പകുതികൾക്കു കല്ലുവക പടങ്ങളും കല്ലുവക എ. ബി. സി രെജിസ്റ്ററുകളും പൂർത്തിയാക്കപ്പെട്ടിട്ടുണ്ടു എന്നും ഒരു പകുതിക്കു കല്ലുവകപ്പടം മാത്രം പൂർത്തിയാക്കപ്പെട്ടിട്ടുണ്ടു എന്നും ശേഷമുള്ള ൧൦ പകുതികളിലും കല്ലുവക പടം തയാറാക്കുന്ന ജോലി ഓരോ ദശയിലായി എത്തീട്ടുണ്ടു എന്നും ബോധിപ്പിക്കപ്പെട്ടിരിക്കുന്നു.

൧൪. ചിറയിൻകീഴ് താലൂക്കിലെ ൨൨ സർക്കാർ പകുതികളും ഉള്ളതിൽ ൪ പകുതികളിൽ ൧൦൮൬ ലെ ജോലി പൂർത്തിയായിട്ടുണ്ടു. ഒരു പകുതിയിൽ ൧൦൮൬ ലെ ജോലി പൂർത്തിയാക്കപ്പെട്ടും റിക്കാർട്ടുകൾ പൂർത്തിയാക്കുന്ന ജോലി ശ്രദ്ധിക്കപ്പെട്ടും ഇരിക്കുന്നു. മറ്റൊരു പകുതിയിൽ ഫീൽഡ്‌വർക്കു നടന്നുവരുന്നു. ശേഷമുള്ള ൧൬ പകുതികളിലും ൨ പകുതികൾക്കു കല്ലുവക പടങ്ങളും കല്ലുവക എ. ബി. സി രെജിസ്റ്ററുകളും പൂർത്തിയാക്കപ്പെട്ടിട്ടുണ്ടു. മറ്റു ൭ പകുതികളിലെ കല്ലുവക പടങ്ങൾ തയാറാക്കുന്ന ജോലി വിവിധ ദശകളിൽ എത്തിയിരിക്കുന്നു. ൭ പകുതികളിലെ കല്ലുവക പടങ്ങൾ തയാറാക്കുന്നതിനു യാതൊരു പ്രവൃത്തിയും ചെയ്യപ്പെട്ടിട്ടില്ല. ഒടുവിൽ പറഞ്ഞ ൭ പകുതികളിൽ ഉള്ള ആളുകളെ മറ്റു പകുതികൾക്കു കല്ലുവക പടങ്ങൾ തയാറാക്കുന്നതിനു [illegible]റായിക്കാരായി ഉപയോഗപ്പെടുത്തീട്ടുണ്ടായിരിക്കണം. സംഗതി അപ്രകാരമാണെന്നു വരികിൽ അതു ഗവർണ്മെണ്ടുത്തരവിനു നേരെ വിരുദ്ധമാകുന്നു.

൧൫. നെയ്യാറ്റിൻകര താലൂക്കിലും ചിറയിൻകീഴ് താലൂക്കിലും ധാരാളം എണ്ണം താല്ക്കാലിക ജീവനക്കാർ ജോലിയിൽ ഏർപ്പെട്ടിട്ടും ആ രണ്ടു താലൂക്കുകളിലും ജോലി മന്ദമായി നടന്നിരിക്കുന്നു എന്നു അറിയുന്നതിൽ വ്യസനിക്കുന്നു. ഇതിൽ മുഖ്യമായി ശ്രദ്ധയിൽ [illegible] എല്ലാ പകുതികൾക്കും കല്ലുവക പടങ്ങളും കല്ലുവക രെജിസ്റ്ററുകളും തീരാതെയോ [illegible] പടങ്ങളും രെജിസ്റ്ററുകളും പൂർത്തിയാക്കുന്ന ജോലി ആകുന്നു. [illegible] സ്ഥിരം ജീവനക്കാർ തന്നെ ചെയ്യേണ്ടിയിരിക്കുന്നു. [illegible] ഫീൽഡ്‌വർക്കിന്റെ കാര്യത്തിൽ താല്ക്കാലിക ജീവനക്കാർ എല്ലാവരേയും ഒന്നോ രണ്ടോ പകുതികളിൽ [illegible] ചെയ്യിപ്പിക്കുന്ന [illegible] ഇപ്രകാരം ചെയ്യുന്നതിന്റെ ഫലം കടിശ്ശിലകൾ [illegible] തീർത്തു നടപ്പുജോലിയാകുന്ന [illegible] സ്ഥിരം ജീവനക്കാർ [illegible] ചെയ്യുന്നുള്ളു എന്നതാകുന്നു. താല്ക്കാലിക ജീവനക്കാരെ [illegible] ഒന്നോ രണ്ടോ പകുതികളിലായി ജോലി ചെയ്യിപ്പിക്കുന്നതായാൽ ജോലി [illegible] വളരെ സാവധാനമായിട്ടു മാത്രം [illegible] സ്ഥിരം ജീവനക്കാർ [illegible] ജീവനക്കാർ താല്ക്കാലിക ജീവനക്കാരെ [illegible] ഒരു പകുതിയിലെ കടിശ്ശില [illegible] നടപ്പു

ഉദ്ധാരണത്തിലേക്കായി അതിലെ സ്ഥിരം ജീവനക്കാരെ സഹായിക്കുന്നതിനു മേൽ കൂടുതലായ സർവേ ജീവനക്കാരെ സാധാരണമായി യാതൊരു പകുതിയിലേക്കും നിയമിച്ചുകൂടാ എന്നു ഗവർമ്മെണ്ട് വിചാരിക്കുന്നു.

൧൬. സബ്ഡിവിഷനെ അളക്കുകയും പ്ലാട് ചെയ്യുകയും സംബന്ധിച്ചുള്ള കാര്യത്തിൽ സർവെ കഴിഞ്ഞതിൽ പിന്നീടും സെററിൽമെൻറ് കാലത്തും നടത്തിയ സബ്ഡിവിഷനുകളെ മാത്രമെ അളക്കുകയും പ്ലാട് ചെയ്കയും ചെയ്യുവതിനുള്ളു എന്നു കാണുന്നു. ഇങ്ങനെ ചെയ്യാൻ പോരാ; കണ്ടെഴുത്തു കഴിഞ്ഞതിൽപിന്നിട്ടു സാധാരണ ലാണ്ട് റെവന്യൂ ഡിപ്പാർട്ട്മെൻറ് നടത്തിയിട്ടുള്ള സബ്ഡിവിഷൻ ഉൾപ്പെടെ എല്ലാ സബ്ഡിവിഷനുകളേയും മേൽ ൧൩-ം പാരാവിൽ കാണിച്ചിരിക്കുന്ന രീതിയിൽ സർവേ ചെയ്തു പ്ലാട്ടും ചെയ്യേണ്ടതാകുന്നു.

൧൭. തിയാഡലൈറ്റ് കല്ലുകളെ വീണ്ടും നട്ടുവിക്കുന്നതിനെ സംബന്ധിച്ചു നെയ്യാററിൻകരയും ചിറയിൻകീഴും താലൂക്കുകളിൽ ഓരോന്നിലേക്കും മാസം ഒന്നുക്കു ൨൦ രൂപാ ശമ്പളത്തിൽ കൂടുതലായ ഒരു അസിസ്റ്റൻറ് തിയാഡലൈറ്റ് സർവേയരെ നിയമിക്കണം എന്നു പേഷ്കാർ അപേക്ഷിച്ചിരിക്കുന്നു. ൟ താലൂക്കുകളിൽ ഓരോ താലൂക്കിലും താല്കാലമായ അക്കൌണ്ടന്റുമാരിൽ രണ്ടുപേരെ നിറുത്തൽ ചെയ്യുന്നതുകൊണ്ടു ൟ ചിലവിലേക്കു വേണ്ടതായ മുതൽ ഉണ്ടാകുമെന്നു പേഷ്കാർ പറയുന്നു. പേഷ്കാരുടെ നിർദ്ദേശത്തെ അനുവദിക്കുന്നു.

൧൮. ൟ ഡിവിഷനിലെ മറ്റു താലൂക്കുകളുടെ കാര്യത്തിൽ നെടുമങ്ങാട്ടു താലൂക്കിൽ വീണ്ടും സർവെ നടന്നുവരിക്കുന്നു. അതുകൊണ്ടു അതു ലാണ്ട് റിക്കാർഡ്സ് സംരക്ഷണ പ്രവൃത്തികളുടെ വ്യാപ്തിയിൽ ഉൾപ്പെടുന്നില്ല. തിരുവനന്തപുരം താലൂക്കിന്റെ കാര്യത്തിൽ കല്ലുവക പടങ്ങളും കല്ലുവക രെജിസ്റ്ററുകളും തയ്യാറാക്കുന്ന ജോലി എല്ലാ പകുതികളിലും ആരംഭിക്കയും രണ്ടു പകുതികളിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടു. താലൂക്കു സർവേയരുടെ മേൽനോട്ടത്തിൻകീഴിൽ സ്ഥിരം ജീവനക്കാർ ൟ രണ്ടു പകുതികളിലും ഫീൽഡ് വർക്ക് ആരംഭിക്കാവുന്നതാകുന്നു. ശേഷമുള്ള പകുതികളിൽ കല്ലുവക പടങ്ങളും കല്ലുവക രെജിസ്റ്ററുകളും തയ്യാറാക്കുന്ന ജോലിയേയും ശീഘ്രപ്പെടുത്തേണ്ടതാകുന്നു.

൧൯. തിയഡലൈറ്റ് കല്ലുകളെ വീണ്ടും നടുന്നതിൽ തിരുവനന്തപുരം താലൂക്കു സർവേയരെ സഹായിക്കുന്നതിനു താല്കാലികമായി അളവുകാരെ നിയമിക്കണം എന്നു പേഷ്കാർ അപേക്ഷിച്ചിരിക്കുന്നു. കല്ലുകളെ വീണ്ടും സ്ഥാപിക്കുന്ന ജോലിയെ തുടർച്ചയായി നടത്തിക്കൊണ്ടുപോകാൻ പാടില്ലാത്തതുകൊണ്ടു ൟ അളവുകാരെ ഇത്രകാലത്തേക്കു ആവശ്യപ്പെടും എന്നു ക്ലിപ്തമായി പറവാൻ പാടില്ലാ എന്നു പേഷ്കാർ പറയുന്നു. എന്നുവരികിലും ൟ അളവുകാരെ നിയമിക്കുന്നതിനു അനുവദിച്ചാൽ കൂടിയേതീരു എന്നു ആവശ്യപ്പെടുമ്പോൾ മാത്രമെ അവരെ ജോലിക്കു ആവശ്യപ്പെടൂ എന്നു പേഷ്കാർ വാഗ്ദാനം ചെയ്യുന്നു. ൟ സംഗതിയുടെ സ്ഥിതിക്കു ഇപ്പോൾ അതിലേക്കു തിരുവനന്തപുരം താലൂക്കിലേക്കു ക്ലിപ്തിയില്ലാത്ത ഒരു കൂട്ടം അളവുകാരെ നിയമിക്കുന്നതു ആവശ്യമില്ലാ എന്നു ഗവർമ്മെണ്ട് വിചാരിക്കുന്നു. താലൂക്കു സർവേയരെ സഹായിപ്പാൻ ആവശ്യപ്പെടുമ്പോൾ എല്ലാം അളവുകാരെ ഏർപ്പെടുത്താവുന്നതാകുന്നു. അവർക്കു കണ്ടിൻജൻസിയിൽ ഉൾപ്പെടുത്തി കൂലി കൊടുക്കണം. ഇക്കാര്യത്തിൽ ഒരു വിശേഷാൽ മുതലായി ൯൦ രൂപാ അനുവദിച്ചിരിക്കുന്നു.

൨൦. തിരുവനന്തപുരം ഡിവിഷനിലെ സബ് അസിസ്റ്റന്റിനു ട്രാവലിംഗ് ചാർജ്ജ് വകക്കു ൧൧൦൧-ാമാണ്ടത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള തുകക്കു പുറമെ (൧൩൦) നൂററിമുപ്പതു രൂപാ ഒരു വിശേഷാൽ ഗ്രാണ്ടായി കിട്ടണം എന്നു പേഷ്കാർ അപേക്ഷിച്ചിരിക്കുന്നു. ഇതു അനുവദിച്ചിരിക്കുന്നു.

(ഉത്തരവിൻപ്രകാരം)
എ. ജെ. വീയറാ,
ഗവർമ്മെണ്ട് ചീഫ് സെക്രട്ടേറി.

പത്മനാഭപുരം ഡിവാൻപേഷ്കാർക്കു
തിരുവനന്തപുരം ഡിവാൻപേഷ്കാർക്കു
റെവന്യൂ സർവേ സൂപ്രേണ്ടിനു
അക്കൌണ്ടാഫീസിലേക്കു

ഇതിന്റെ പ്രതികൾ കൊല്ലം ഡിവാൻപേഷ്കാർക്കും കോട്ടയം ഡിവാൻപേഷ്കാർക്കും ദേവികുളം ഡിവിഷൻ സൂപ്രേണ്ടിനും എല്ലാ തഹശീൽദാർമാർക്കും

ഗസററിലേക്കു

തിരുവിതാംകോട്ട

താഴെ പറയുന്നവ വായിച്ചു

(൧) ദേവികുളം പീരമേട് ഇ... ന്തികളെപ്പറ്റി ൯൬൫ മേ ൨൭ ന അയച്ച ലെട്ടരും.

(൨) ഇതിനുമറു... ൻ ഡൈറെക്ടർ ന

(൩) ൧൦൮൬ ... അയച്ച ലെട്ടരും

(൪) ൧൦൮൫ ജൂലൈ ൨൯ നു ൫൩൭൦-ാം നമ്പ... യച്ച ലെട്ടരും

(൫) പീരുമേട്ട താലൂക്ക സംഘടിപ്പിച്ചതിനെപ്പറ്റി ൧൦൮൫ മാർച്ച ... L. R. ൨൦൩൧-ാം നമ്പർ ഗവർമെന്റ് ആജ്ഞയും

(൬) ൧൦൮൬ ഏപ്രിൽ ൧൫ നു J ൧൭൭൪-ാം നമ്പരായി രജിസ്ത്രേഷന്ക്ക അയച്ച ലെട്ടറും,

(൭) ൧൦൮൬ മെ ൧൮ നു ൨൫൫൦-ാം നമ്പരായി രജിസ്ത്രേഷൻ ഡൈറെക്ടർ അയച്ച ലെട്ടരും,

വായിച്ചു

അതിന്മേൽചെയ്യുഉത്തരവു. നമ്പർ J. ൨൩൮൨ തിരുവനന്തപുരം ൧൦൮൬ ജൂൺ ൧൦-

ദേവികുളം താലൂക്കിലും പീരമേട്ട താലൂക്കിലെ വണ്ടമേട്ടുപകുതിയിലും രജിസ്ത്രേഷൻ സംബന്ധിച്ച ജോലി ഇപ്പോൾ ക്രമപ്രകാരമുള്ള സബ് രജിസ്ത്രാർമാരിൽ ഒരാൾ നടത്തിവരുന്നു. വണ്ടമേട്ട പകുതിയിലുള്ളതു ഉൾപ്പടെ ദേവികുളംകച്ചേരിയിൽ ൧൦൮൪ മാണ്ടിൽ ൨൫൭ ആധാരങ്ങളും ൧൦൮൫ മാണ്ടിൽ ൨൩൫ ആധാരങ്ങളും ൧൦൮൬ മാണ്ടിൽ ആദ്യത്തെ ൧൦ മാസങ്ങളിൽ ൧൮൫ ആധാരങ്ങളും മാത്രമെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളു എന്നു ഡൈറെക്ടരുടെ റിപ്പോട്ടിൽ നിന്നു കാണുന്നതിനാൽ ആ കച്ചേരിയിൽ ജോലികുറവുള്ളതും ആ ജോലിക്കായിമാത്രം ഒരു പ്രത്യേകം സബ്‌രജിസ്ത്രാർ ആവശ്യപ്പെടാത്തതും ആകുന്നു. അതുകൊണ്ടു ദേവികുളത്തിലെ ഡിപ്പുട്ടി തഹശീൽദാരെ സോപാദ്ധ്യോഗാംഗമായി ദേവികുളം താലൂക്കിലെ സബ് രജിസ്ത്രാരായി നിയമിച്ചിരിക്കുന്നു.

൨. അതുപോലെ തന്നെ പീരുമേട്ടതാലൂക്കിൽ വണ്ടമേട്ട, ഉപ്പുതറ, ചെരിയാർ, പീരമേട്ട ഈ പകുതികളിലേക്ക പീരിമേട്ട ഡിപ്പുട്ടിതഹശീൽദാരെ സോപാദ്ധ്യോഗാംഗമായി സബ്ബ് രജിസ്ത്രാരായി നിയമിച്ചിരിക്കുന്നു.

൩. പെരുവന്താനം കാഞ്ഞിരപ്പള്ളി. ചെറുവള്ളി, ചിറക്കടവു, മണിമല, പൂഞ്ഞാറ എന്നീ പീരിമേട്ടതാലൂക്കിലെ ശേഷമുള്ള പകുതികളിൽ രജിസ്ത്രേഷൻ സംബന്ധിച്ച ജോലി മേലാൽ കാഞ്ഞിരപ്പള്ളി സബ് രജിസ്ത്രാർ നടത്തുന്നതാകുന്നു.

൪. ഈ ഭേദഗതികൾ ൧൦൮൭ മാണ്ടു ചിങ്ങമാസം ൧ നു മുതൽ നടപ്പിൽവരുന്നതാകുന്നു.

(ഉത്തരവിൻ പ്രകാരം)
എ. ജെ. വീയറ,
ഗവർമെന്റ് ചീഫ് സെക്രിട്ടെറി.

൧. ദേവികുളം ഡിവിഷൻ സൂപ്രണ്ടും രജിസ്ട്രാർ ഡിസ്ത്രിക്ട് രജിസ്ത്രാരും ആയ ഉദ്യോഗസ്ഥനു
൨. രജിസ്ത്രേഷൻ ഡൈറെക്ടർക്ക
൩. അക്കൌണ്ടന്റ് ആഫീസിർക്ക
൪. ഗസെറ്റിലേക്ക.

പ്രൊസീഡിംഗ്സ്

പിരിച്ചുവിടപ്പെട്ട ജീവനക്കാരല്ലാത്ത മറ്റ
രജിസ്ട്രേഷൻ ഈ ഡിപ്പാർട്ടുമെ
...വിച്ചുകൂടാ എന്ന ആജ്ഞാപി
...ആജ്ഞയും,

സംബന്ധിച്ചു
...രിമാസം ...

...മെന്റ് ആജ്ഞാപിക്കുന്നു
...ഡിവിഷനിലെ ജീവനക്കാരെ പുതുക്കിയതോടുകൂടി വേലയിൽ
...പ്പെട്ട ജീവനക്കാരെ ഉൾപ്പെടുത്തണം എന്ന ആജ്ഞാപിക്കുന്നതായ [illegible]
...ലെ [illegible] നംബർ ഗവർന്മെണ്ട് ആജ്ഞയും,
...ന്നും വായിച്ചു.

[illegible] സർവേ ജോലിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ ഉദ്ദേശിച്ചു [illegible] ജൂൺ [illegible]-ലെ [illegible] നംബർ ഗവർന്മെണ്ട് ആജ്ഞയെ അശേഷം റദ്ദാക്കണം എന്നു അപേക്ഷിച്ചു തിരുവനന്തപുരം ഡിവിഷൻ പേഷ്കാർ [illegible] ഫെബ്രുവരി [illegible] അയച്ച ഡെമി അഫിഷ്യൽ ലെട്ടറും വായിച്ചു.

അതിന്മേൽ ചെയ്ത ഉത്തരവ് നംബർ [illegible]/L. R. തിരുവനന്തപുരം [illegible] ജൂൺ [illegible]

[illegible] വർഷം ജൂൺ മാസം [illegible] ഉണ്ടായ [illegible] നംബർ ഗവർന്മെണ്ടാജ്ഞ ഏകദേശം മൂന്നുകൊല്ലം കാലമായി നടപ്പിൽ ഇരിക്കുന്നുണ്ട്. അതു മേലും നടപ്പിൽ ഇരിക്കുന്നതു ആവശ്യമാണെന്നു ഗവർന്മെണ്ട് വിചാരിക്കുന്നില്ല. അതുകൊണ്ടു [illegible] ഗവർന്മെണ്ടാജ്ഞയെ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു.

ഉത്തരവിൻപ്രകാരം,
എ. ജെ. വീയറാ,
ഗവർന്മെണ്ട് ചീഫ് സെക്രട്ടറി.

റെവന്യൂ സെറ്റിൽമെന്റ് ഡിവിഷൻ പേഷ്കാർക്ക്
എല്ലാ ഡിവിഷൻ പേഷ്കാർമാർക്കും
രജിസ്ട്രേഷൻ ഡയറക്ടർക്ക്
അഞ്ചൽ സൂപ്രണ്ട് ഇന്റെണ്ടന്റിനു